# അമ്മയും കുഞ്ഞും

'മോള് കരയണ്ട'

യാത്രക്കിടെ കരഞ്ഞു കൊണ്ടിരിക്കുന്ന കുഞ്ഞിനോട് സ്നേഹപൂർവം അമ്മ.

അമ്മയുടെ വാക്കുകൾ വകവെക്കാതെ അവൾ ഉറക്കെ കരഞ്ഞു.

കുട്ടിയുടെ മുഖത്തെ ചായങ്ങളും കണ്ണുനീരിനൊപ്പം ഒലിച്ചിറങ്ങുന്നുണ്ട്

പുറത്ത് വരുന്നത് അച്ചന്റെ നിറമായിരുന്നു.

മോളെ നിന്നോട് കരയരുതെന്നാണ് പറഞ്ഞത്?

അമ്മയുടെ വാക്കുകൾക്ക് ശാസനയുടെ കനം.

'കരയും ഇനീം കരയും' കുട്ടിക്ക് വാശി.

'ഇല്ല, ഇനി നീ കരയില്ല' അമ്മ കുഞ്ഞിനെ വാരിയെടുത്തു.

കോർപറേഷന്റെ വേസ്റ്റ് ബോക്സിൽ ഒരു ജഡം കൂടി.

കാക്കകളും പരുന്തുകളും അങ്ങോട്ട് പറന്നു തുടങ്ങി.

മനുഷ്യരിൽ ചിലരും...



# അവളെത്തേടി

ഫഹ്മി റഹ്മാൻ

പിറന്നുവീണപ്പോൾ എന്റെ കുഞ്ഞു

നയനങ്ങൾ പരതിയത് അവളെയായിരുന്നു.

നാവ് വഴങ്ങിയപ്പോൾ ഞാനാദ്യം

ചോദിച്ചത് അവളെ കുറിച്ചായിരുന്നു.

'എവിടെ അവൾ'?

അമ്മയുടെ ഗർഭപാത്രത്തിൽ എന്നോടൊപ്പം

ഉണ്ടായിരുന്ന അവൾ?

അച്ഛൻ കണ്ണുരുട്ടി. അമ്മയുടെ ഉത്തരം

രണ്ടിറ്റ് കണ്ണീർ.

എന്തെല്ലാം സ്വപ്നങ്ങളായിരുന്നു

പുറം ലോകത്തെ കുറിച്ച് ഞങ്ങൾ നെയ്തെടുത്തത്!

പക്ഷെ, അവൾ?

ഞങ്ങളെ അകറ്റിയത് ലിംഗ വ്യത്യാസമോ?

അതോ,

ഉത്തരാധുനികയുടെ കീറാമുട്ടികളോ?

ഞാനിന്നും അവളെ തിരക്കുന്നു

ആധുനികോത്തര സംവാദ സദസ്സുകളിലൂടെ,

മെഡിക്കൽ സെന്ററുകളുടെ പിന്നാമ്പുറങ്ങളുലൂടെ...

# അങ്ങനെ അത് ഒത്തുതീർന്നു...

മുമ്പേതോ ഒരുവർഷം നടന്ന യൂണിയൻ തെരഞ്ഞെടുപ്പാണ് പിൽക്കാലത്ത് എല്ലാ തെരഞ്ഞെടുപ്പും വളരെ ഗൗരവത്തിലെടുക്കാൻ കാരണമായത്.

1980കളിൽ എപ്പോഴോ ആണത്. വാശി വളരെ കൂടുതലായിരുന്നു. കാരണം, രണ്ടു മുന്നണികളും ഏറെക്കുറെ തുല്യ ബലത്തിലാണ്. ഓരോ വോട്ടും വിലപ്പെട്ടത്.

വിലയും വാശിയുമൊക്കെ വിദ്യാർത്ഥികൾക്ക്. അധ്യാപകർക്ക് അതിനെപ്പറ്റി ധാരണയൊന്നുമില്ല. "നികുതിയും മരണവും പോലെ, ഒഴിവാക്കാനാവാത്ത തിന്മ" യായ തെരഞ്ഞെടുപ്പ് അങ്ങ് കഴിഞ്ഞു കിട്ടണം, അത്ര തന്നെ.

വോട്ടെടുപ്പ് തുടങ്ങി. ബാലറ്റ് പേപ്പറിൽ സ്ഥാനാർത്ഥിക്കു നേരെയുള്ള കളിയിൽ 'X' ചിഹ്നം പേന കൊണ്ട് ഇടുകയാണ്. വോട്ട് ചെയ്യാൻ വേണ്ടതെന്ന് മുമ്പേ നോട്ടീസ് ബോർഡിൽ വിളംബരം വഴി കുട്ടികളെ അറിയിച്ചിരുന്നു.

ഇന്നെന്നപോലെ അന്നും, ഔദ്യോഗിക നോട്ടീസുകൾ വായിക്കുന്ന ദുശ്ശീലം ഒട്ടുമില്ലാത്ത കുറെ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. നോട്ടീസ് ബോർഡിൽ അങ്ങനെ പലതും കാണും, ആവശ്യമുള്ളവർ നേരിട്ടുവന്ന് സംസാരിക്കട്ടെ എന്ന മട്ട്.

പോളിംഗ് ബൂത്തിലിരിക്കുമ്പോഴാണ് അവർക്ക് ശങ്ക തോന്നുന്നത്. ബാലറ്റ് പേപ്പറുണ്ട്, പേനയുമുണ്ട്. ഇനിയെന്ത് ചെയ്താലാണ് വോട്ടാവുക?

അതിൽ ഒരുത്തൻ വോട്ടിംഗ് കംപാർട്ട്മെന്റിൽ ചെന്ന് ബാലറ്റ് നിവർത്തി പേന എടുത്തു എന്നിട്ട് തൊടുത്തുവിട്ടു. സംശയം: സ്ഥാനാർത്ഥിയുടെ കള്ളിയിൽ എന്താണെഴുതേണ്ടത്? 'ശരി' ചിഹ്നമോ 'ഗുണന' ചിഹ്നമോ? സാറിനോടാണ് ചോദ്യം.

ഏതുമാകാം എന്ന് സാർ, അല്ല പിന്നെ!

വോട്ടെണ്ണലിന്റെ വാശി മൂത്ത അന്തരീക്ഷത്തിൽ പെട്ടെന്നാണ്

ഇതൊരു ടൈം ബോംബായി പൊട്ടുന്നത്. 'ശരി' ചിഹ്നമിട്ടത് അസാധുവെന്ന് നിയമം ഉദ്ധരിച്ച് ചിലർ. അത് സാധുവാകാതെ പറ്റില്ലെന്ന് സാറിനെ ഉദ്ധരിച്ച് വേറെ ചിലർ. സാധുത്തരത്തിന് തോത് വെക്കാമെന്ന് റിട്ടേണിംഗ് ഓഫീസർ. എന്ത് വന്നാലും റീപോളിംഗ് പറ്റില്ലെന്ന് എല്ലാവരും.

ബഹളമായി, സമരമായി, കോളേജ് ഒരാഴ്ച മുടങ്ങി എന്നാണ് ഓർമ്മ.

പക്ഷെ, സമരത്തിന്റെ അവസാനം അതിന്റെ തുടക്കത്തേക്കാൾ രസകരമായിരുന്നു.



തുടക്കിത്തിലെതന്നെ സമരത്തിൽ മടുപ്പു തോന്നിയതും അങ്ങനെയൊരു ഒടുക്കത്തിന് കാരണമായിട്ടുണ്ടാകാം.

പ്രശ്നം തുടങ്ങിയപ്പോൾ തന്നെ വരണാധികാരി മുന്നോട്ട് വെച്ച ഒരു നിർദ്ദേശമുണ്ടായിരുന്നു: സാധുവോ അസാധുവോ അല്ലാത്ത ഒരു പ്രത്യേക അനുപാതത്തിൽ മൂല്യം കണക്കാക്കുക. 10:20 എന്നതായിരുന്നു അനുപാതം. അതായത്, 20 വിവാദവോട്ടുകളുടെ വില, പത്ത് സാക്ഷാൽ വോട്ടിന് തുല്യമായിരിക്കും.

ഗണിതശാസ്ത്രജ്ഞനായ വരണാധികാരി അങ്ങനെ റേഷ്യോ വെച്ച് പറഞ്ഞപ്പോൾ എന്തോ കെണിയാണെന്ന് കുട്ടികൾക്ക് തോന്നിയോ എന്തോ. അവർ ഒരേ സ്വരത്തിൽ പറഞ്ഞു: പറ്റില്ല!

ഒരാഴ്ചത്തെ സമരം കഴിഞ്ഞ് ക്ഷീണിച്ചപ്പോൾ വരണാധികാരി പുതിയ ഒത്തുതീർപ്പ് ഫോർമുലയുമായെത്തി.

ഓഫീസ് ക്ലർക്ക് അറ്റൻഡർമാരും നോട്ടോട്ടമോടി. ഒടുവിൽ പ്രശ്നമെന്തെന്ന് അവർ കണ്ടെത്തി. കണക്കിന്റെ ഉത്തരകടലാസും അബദ്ധവശാൽ ഹിസ്റ്ററി അധ്യാപകനാണ് എടുത്തുകൊണ്ട് പോയത്. ഉത്തരകടലാസ് തിരിച്ചു വാങ്ങാൻ വന്ന ക്ലാർക്കിന് അദ്ദേഹം മാർക്ക്ലിസ്റ്റ് കൊടുത്തെന്നാണ് കഥ. കൃത്യനിഷ്ഠയോടെ, കാര്യക്ഷമമായി, ഉത്തരകടലാസെല്ലാം നോക്കി മാർക്കിട്ടു കഴിഞ്ഞിരുന്നു!

10:20 പറ്റില്ലെങ്കിൽ വേണ്ട, 1:2 ആക്കാം എന്നതായിരുന്നു അത്. ഓരോ സാക്ഷാൽ വോട്ടിന് സമം രണ്ട് പ്രശ്നവോട്ടുകൾ.

ഇക്കുറി കുട്ടികൾക്ക് എളുപ്പം മനസ്സിലായി. ഇത് നേരത്തെ പറഞ്ഞുകൂടായിരുന്നോ എന്ന ഭാവത്തിൽ അവർ ധാരണയിൽ ഒപ്പിട്ടു. സമരം അങ്ങനെ തീർന്നു.

അതിൽ പിന്നെ 10:20 പോലുള്ള സങ്കീർണ്ണ വാക്യങ്ങൾ ഗണിത ക്ലാസുകളിൽ പ്രയോഗിച്ചിട്ടില്ലെന്ന് കരുതാം. 1:2 എന്ന് ലളിതമായി പറയേണ്ടത് 10:20 എന്ന് പറഞ്ഞതിനാണല്ലോ ഒരാഴ്ച കോളേജ് മുടങ്ങിപ്പോയത്. പ്രൊഫ: വി. ഗോവിന്ദൻകുട്ടി നായർ ആകാരം കൊണ്ട് ഗംഭീരനാണെങ്കിലും മനസ്സിന് ചെറിയ കുട്ടികളുടെ നൈർമല്യമായിരുന്നു. 'വി.ജി.കെ'യുടെ മറവിയും ആപ്സന്റ് മൈന്റഡ്നെസും അദ്ദേഹത്തെ അധ്യാപകനായിരിക്കുമ്പോൾ ഒരു 'ക്യാമ്പസ് മിത്ത്' ആക്കി മറ്റു പലരുടെയും അബദ്ധങ്ങൾ വി.ജി.കെ.ക്ക് മേൽ ആരോപിക്കുന്ന ഒരു ചെറുകിട വ്യവസായം അന്ന് സ്റ്റാഫ് ക്ലബിൽ ഉണ്ടായിരുന്നു താനും.

ഒരു കഥ ഇങ്ങനെ: മാത്തമാറ്റിക്സ് വകുപ്പിന്റെ തലവൻ പ്രൊഫ: എൻ.വി. ബീരാൻ വല്ലാതെ അസ്വസ്ഥനാണ്. അരക്കൊല്ല പരീക്ഷ കഴിഞ്ഞിട്ടും കുട്ടികളുടെ ഉത്തരകടലാസുകൾ നോക്കാൻ അദ്ദേഹത്തിന് കിട്ടിയിട്ടില്ല. അദ്ദേഹമാണെങ്കിലോ ഓരോ കുട്ടിയുടെയും ഓരോ ഉത്തരവും ആസ്വദിച്ച് പരിശോധിക്കുന്നയാളും.

ഓഫീസ് ക്ലർക്ക് അറ്റൻഡർമാരും നോട്ടോട്ടമോടി. ഒടുവിൽ പ്രശ്നമെന്തെന്ന് അവർ കണ്ടെത്തി. കണക്കിന്റെ ഉത്തരകടലാസും അബദ്ധവശാൽ ഹിസ്റ്ററി അധ്യാപകനാണ് എടുത്തുകൊണ്ട് പോയത്. ഹിസ്റ്ററി അധ്യാപകൻ വി.ജി.കെ. തന്നെ.

ഉത്തരകടലാസ് തിരിച്ചു വാങ്ങാൻ വന്ന ക്ലാർക്കിന് അദ്ദേഹം മാർക്ക്ലിസ്റ്റ് കൊടുത്തെന്നാണ് കഥ. കൃത്യനിഷ്ഠയോടെ, കാര്യക്ഷമമായി, ഉത്തരകടലാസെല്ലാം നോക്കി മാർക്കിട്ടു കഴിഞ്ഞിരുന്നു!

ഇത് വെറും കഥയാവാം. പക്ഷെ വി.ജി.കെയുടെ വിഖ്യാതമായ മറവി നേരിട്ടനുഭവിക്കാൻ ഒരു സന്ദർഭമുണ്ടായി. ഒരിക്കൽ അദ്ദേഹം വിശേഷപ്പെട്ട റിസ്റ്റ് വാച്ചണിഞ്ഞ് ഡിപ്പാർട്ട്മെന്റിൽ വന്നു. തൊട്ടടുത്ത മുറിയിലാണ് അദ്ദേഹത്തിന്റെ അടുത്ത ക്ലാസ്സ്. ബെല്ലടിക്കുന്ന

ബട്ടൻ അമർത്തിയാൽ ഗ്രീനിച്ച് സമയം കിട്ടും. ഇത് അമർത്തിയാൽ അമേരിക്കൻ സമയം. ഇതിൽ ഗൾഫ് സമയം. പറഞ്ഞു നിൽക്കെ അദ്ദേഹം ക്ലാസിന്റെ കാര്യം ഓർത്തു. വിശേഷപ്പെട്ട വാച്ച് വിട്ട് ഒറ്റ ചോദ്യം: അല്ല, സമയമെത്രയായി?

തിന്റെ അഞ്ചു മിനുട്ട് മുമ്പാണ് വരവ്.

വി.ജി.കെ. സാർ അണിഞ്ഞ അനേകം ബട്ടനുള്ള വാച്ചിനെപറ്റി ചോദിച്ചപ്പോൾ അദ്ദേഹം വാചാലനായി: ഈ ബട്ടൻ അമർത്തിയാൽ ഗ്രീനിച്ച് സമയം കിട്ടും. ഇത് അമർത്തിയാൽ അമേരിക്കൻ സമയം. ഇതിൽ ഗൾഫ് സമയം. പറഞ്ഞുനിൽക്കെ അദ്ദേഹം ക്ലാസിന്റെ കാര്യം ഓർത്തു. വിശേഷപ്പെട്ട വാച്ച് വിട്ട് ഒറ്റ ചോദ്യം: അല്ല, സമയമെത്രയായി?

പറഞ്ഞുകേട്ട മറ്റൊരു കഥയാണ്.

കുട്ടികളെ ക്ലാസിൽ നിന്ന് നിരന്തരം പുറത്താക്കുന്ന അധ്യാപകൻ Get Out എന്ന ആജ്ഞ മണിക്കൂറിൽ രണ്ടും മൂന്നും തവണ അദ്ദേഹം നൽകും. അക്കാലത്ത് അധ്യാപകൻ കൃത്യ സമയത്ത് ക്ലാസിലെത്തിയിരിക്കും. അതിനുമുമ്പ് വിദ്യാർത്ഥികൾ മുഴുവൻ അകത്ത് കയറി ഇരുന്നിട്ടുണ്ടാവും. ഒരിക്കൽ ഒരു വിദ്യാർത്ഥി ക്ലാസിൽ എത്താൻ അല്പം വൈകി. അത് നിസ്സാരമല്ലാത്ത പ്രതിസന്ധി സൃഷ്ടിച്ചു. അവൻ വന്ന് വാതിൽക്കൽ അനുവാദത്തിനായി കാത്ത് നിൽക്കുന്നു. അകത്ത് കടയ്ക്കാൻ പറയണമെന്ന് അധ്യാപകനുണ്ട്. പക്ഷേ Get Out എന്ന കൽപ്പന മാത്രമെ ഓർമ്മയിൽ കിട്ടുന്നുള്ളൂ. ഒടുവിൽ അദ്ദേഹം ക്ലാസിന് പുറത്ത് കടക്കുന്നു. വാതിൽക്കൽ നിൽക്കുന്ന കുട്ടിയോട് ക്ലാസിലേക്ക് ചൂണ്ടിപ്പറയുന്നു: Get Out!

പലതവണ കേട്ട പൊള്ളഫലിതമായി ഇത് തോന്നാം. പക്ഷേ സംഭവിച്ചതാണെന്ന് അന്നത്തെ പലരും സക്ഷ്യപ്പെടുത്തുന്നു. ഇംഗ്ലീഷ് മാത്രമേ പറയാവൂ എന്ന അലിഖിത നിയമം അന്നുണ്ടായിരുന്നല്ലോ.

ജലക്ഷാമം രൂക്ഷം. (അന്നത്തെ) ഇഖ്ബാൽ ഹോസ്റ്റലിൽ കഷ്ടിച്ച് കുടിക്കാനും പാചകത്തിനും മാത്രമേ കിണറ്റിൽ വെള്ളമുള്ളൂ. പൈപ്പ് അന്ന് അവിടെയില്ല. ഇംഗ്ലീഷ് അധ്യാപകനായ വാർഡൻ അടിയന്തിര നോട്ടീസിട്ടു. കുളിക്കാൻ വേറെ എവിടെയെങ്കിലും പോകണം, കിണറ്റിലേത് പാചകത്തിന് മാത്രമുള്ള വെള്ളമാണ് എന്നാണ് അദ്ദേഹം ഇഗ്ലീഷിൽ എഴുതിയത്.

വാചകം ഇങ്ങനെ: The well water is to be used for culinary purposes only.

“കുളിനറി പർപ്പസി”നേ പറ്റൂ എന്ന് തിരിച്ചറിഞ്ഞ വിദ്യാർത്ഥികൾ കോരിക്കുളിച്ച് തിമിർത്തു എന്ന് പ്രത്യേകം പറയേണ്ടതില്ലോ.

ജലക്ഷാമം രൂക്ഷം. (അന്നത്തെ) ഇഖ്ബാൽ ഹോസ്റ്റലിൽ കഷ്ടിച്ച് കുടിക്കാനും പാചകത്തിനും മാത്രമേ കിണറ്റിൽ വെള്ളമുള്ളൂ. പൈപ്പ് അന്ന് അവിടെയില്ല. ഇംഗ്ലീഷ് അധ്യാപകനായ വാർഡൻ അടിയന്തിര നോട്ടീസിട്ടു. വാചകം ഇങ്ങനെ: The well water is to be used for culinary purposes only




# കൺസ്യൂമർ

വേട്ടക്കാരൻ തിരിഞ്ഞുനോക്കി.

കാലിൽ കടിച്ചുതൂങ്ങി ഉന്നം പിഴപ്പിച്ച ഉറുമ്പ്!

ഞെരിച്ചു കൊല്ലാൻ അയാളുടെ കൈയോങ്ങിയതാണ്.

പക്ഷെ അത് ചെയ്യും മുംബെ വേടന്റെ പ്രജ്ഞ

ബൂട്ട് ചെയ്യാൻ തുടങ്ങി.

ഉറുമ്പിനെ അയാൾ സ്നേഹത്തോടെ കയ്യിലെടുത്തു.

ഇളം ചൂടുണ്ടായിരുന്ന പ്രാവിറച്ചിയുടെ ഒരു

തുണ്ട് മുമ്പിലിട്ടു കൊടുത്തു.


ഇന്ന്'''

പ്രാവിറച്ചി ടിന്നിലാക്കി കയറ്റുമതി ചെയ്യുന്ന

'വേടാസ്' കമ്പനിയുടെ സി. ഇ. ഒ ആണ് ഉറുമ്പ്.

**മനാഫ്.കെ.കെ.**

# ഹൃദയരക്തം വീണ ഒരു നിശ്ശബ്ദ പ്രണയം ആ ക്യാൻവാസിലുണ്ടായിരുന്നു



ചതുപ്പുനിലത്തിലെന്ന പോലെ നിൽക്കുന്നിടം ആണ്ടു പോവുന്നതായി അവൾക്ക് തോന്നി. രണ്ടുകൈകളുമുയർത്തി അവളലറിവിളിച്ചു. കത്തിച്ചു പിടിച്ച പന്തങ്ങളുമായി നാലുഭാഗത്തുനിന്നും ആളുകളോടി വരുന്നുണ്ടായിരുന്നു. അവ്യക്തമായ മുഖങ്ങൾ, അവരെന്തൊക്കെയോ പരസ്പരം പറയുന്നു. ഇരയെ കണ്ട നരഭോജികളെപ്പോലെ, മാംസത്തിന്റെ കറപുരണ്ട ചുവന്ന പല്ലുകൾ കാട്ടി അവർ ചിരിക്കുന്നതായി അവൾക്കു തോന്നി. പൊടുന്നനെ ഏതോ ചുഴിയിൽ അകപ്പെട്ടപോലെ, ശബ്ദം തൊണ്ടയിൽ കുരുങ്ങിപ്പോയിരിക്കുന്നു, കാലുകൾക്ക് ബലം പോര!, ഒരു രക്ഷാമാർഗ്ഗത്തിനായി അവൾ വീണ്ടും കൈകളുയർത്തി, സർവ്വശക്തിയുമെടുത്ത് മുന്നോട്ടാഞ്ഞു, കാലുകൾ ആരോ പിടിച്ചപോലെ, ഏതോ അജ്ഞാതശക്തി പൊതിഞ്ഞ പോലെ, തളരുന്നപോലെ........

പൊടുന്നനെ അവൾ ഞെട്ടിയുണർന്നു. ആകെ വിയർത്തുകുളിച്ചിരുന്നു. ജനാലയുടെ കൊളുത്ത് ഇളകുന്ന ശബ്ദം, അവൾ കിടന്നിടത്ത് നിന്ന് അനങ്ങിയതേയില്ല. ഭയപ്പാടോടെ കണ്ണുകളടച്ചു. പിന്നീടെന്തോ അവൾ ശാന്തയായിരുന്നു.

"കന്നിമൂലയാ മുറി, അതാ ഇങ്ങനെയൊക്കെ, മോള് കട്ടിലിന്റെ സ്ഥാനം ഒന്ന് മാറ്റിയിട്ടുനോക്കൂ" കൈരണ്ടും പുറകിൽ കെട്ടി, ചിന്താനിമഗ്നനനായി മുറിയിൽ ഉലാത്തി, അയാളവളെ നോക്കിയിട്ടു പറഞ്ഞു. ഭയപ്പെടുത്തുന്ന ഒരു രൂപമാണയാൾക്ക്; കറുത്ത് തടിച്ച്, കഴുത്തിൽ നിറയെ രുദ്രാക്ഷ മാലയണിഞ്ഞ ഒരു കാവിവേഷധാരി. അയാളുടെ ശബ്ദത്തിന് പതിവിലും മുഴക്കമുണ്ടായിരുന്നു.

"ടെസ്റ്റ് പേപ്പർ റിസൽട്ടൊക്കെ മോശമാണല്ലെ? നിന്റെ ടീച്ചർ വിളിച്ചിരുന്നു" കൂനിപ്പിടിച്ചിരുന്ന് തടിയൻ എൻട്രൻസ് ബുക്ക് മറിക്കുന്നതിനിടെ അമ്മ പറഞ്ഞു. വെറുതെ കണ്ണുകളുയർത്തി ഒന്നു നോക്കുക മാത്രം ചെയ്തു. "എന്താ പറ്റീത് നിനക്ക്? ആകെ ബ്ലാങ്ക് മനസ്സായിട്ടാണ് നീ ക്ലാസിലിരിക്കുന്നതൊക്കെ പറഞ്ഞല്ലോ? നിന്റെ ഇരിപ്പുകണ്ടാ അവര് പറയുന്നതൊന്നും നിന്റെ തലയിൽ കേറുന്നില്ലാന്ന് തോന്നൂത്രെ. നിനക്കിഷ്ടമില്ലേൽ നീ മെഡിസിനെന്നും ശ്രമിക്കണ്ട, അച്ഛനൊരാഗ്രഹം പറഞ്ഞെന്നേയുള്ളൂ..." അമ്മ പറഞ്ഞുകൊണ്ടേയിരുന്നു. അമ്മക്കവളെ വലിയ വിശ്വാസമാണ്. അവൾക്കനുയോജ്യമായത് അവൾ തന്നെ കണ്ടെത്തുമെന്ന വിശ്വാസം.



തടിയൻ ബുക്ക് തിരിച്ച് അലമാരയിൽ കയറ്റിവെച്ച് അവൾ ഗോവണിയിറങ്ങി. "അവൾ ഭൂതവും പ്രേതവുമൊന്നുമല്ല, നിനക്കെന്തോ സൈക്കോളജിക്കൽ തകരാറാ, എന്തോ ഒരു നഷ്ടബോധം, അത്കൊണ്ടാ ഇങ്ങനെയൊക്കെ" അഞ്ജു ഒരു 'സിദ്ധാന്തം' പറഞ്ഞത് അവളോർത്തു. "എന്തു നഷ്ടബോധമായിരിക്കാം" വെറുതെ ചിന്തിച്ചുനോക്കി. മെഡിസിനും എഞ്ചിനീയറിങ്ങുമൊന്നും തന്നെ ഒട്ടും ആകർഷിച്ചിട്ടില്ലെന്നവൾക്കു തോന്നി.

"പിന്നെന്താവും ആകർഷിച്ചത്"?

വെറുതെ മൗനത്തിൽ മുങ്ങിത്തപ്പി അനസ്യൂതമായൊരൊഴുക്ക്. അതവൾക്ക് എന്നും ഹരമായിരുന്നു. ലഹരി പിടിപ്പിക്കുന്ന ഹരം. ചിന്തകൾക്ക് ഭാരമില്ലാതാവുമ്പോൾ അവളൊരു വെൺമേഘമാവും. കുന്നുകളും മലകളും കടന്ന് അതങ്ങനെ സഞ്ചരിക്കും. താഴെ പൊട്ടു പോലെ കാണുന്ന ഭൂമി ഒരിക്കലും അവളെ ഭയപ്പെടുത്തിയില്ല.

കാലിലെന്തോ ഇഴയുന്ന പോലെ തോന്നിയപ്പോൾ അവൾ ഞെട്ടി. ഗർഭപാത്രത്തിലെ സുഖകരമായ അവസ്ഥ വിട്ട് ഭൂമിയിൽ പ്രവേശിക്കേണ്ടി വരുന്ന കുഞ്ഞിനെ പോലെ, ഒരു ഘട്ടത്തിൽ നിന്ന് അടുത്ത ഘട്ടത്തിലേക്കുള്ള പൊടുന്നനെയുള്ള മാറ്റം അവൾക്കിഷ്ടമില്ലായിരുന്നു; അവളുടെ


സുഖകരമായ ചിന്തകളെ മുറിച്ചത് അവരുടെ കുറിഞ്ഞിപ്പൂച്ചയായിരുന്നു. കാലുകൊണ്ട് ഒരുതൊഴി വെച്ച് കൊടുക്കാനാണ് അവൾക്ക് തോന്നിയത്. പക്ഷെ അവളത് ചെയ്തില്ല. അത് അതിന്റെ സ്നേഹം പ്രകടിപ്പിച്ചതാണ്. വീട്ടിലെല്ലാവർക്കും അവളോട് സ്നേഹമാണ്.
പക്ഷെ അവൾക്ക്........

"വെറുപ്പാണോ?" അവളുടെ കുഞ്ഞനിയത്തി ചിന്നു ചോദിക്കും. അവൾക്ക് അവളുടെ കൂടെ കളിക്കാത്തതിന്റെ പരിഭവമാണ്. ഒരു പന്തു തട്ടികൊടുത്താൽ അവളേറെ സന്തോഷിക്കും. പക്ഷെ കുറച്ചുകളിച്ചാൽ തന്നെ അവൾക്ക് മടുക്കും. പിന്നെ പറയും;

"ചേച്ചിക്ക് കൊറെ പഠിക്കാനുണ്ട്. മോള് കളിച്ചോ.." വീണ്ടും തടിയൻ പുസ്തകത്തിലേക്ക് കുനുകുനെയുള്ള അക്ഷരങ്ങൾ. ഉറുമ്പുകളെപ്പോലെ അരിച്ചരിച്ച് നീങ്ങുന്നു. നോക്കി നിൽക്കെ ഉറുമ്പുകളായി അവമാറി. മറ്റൊരുറുമ്പായി അവളും. അരിമണിയും പേറി അവ നിരതെറ്റാതെ നീങ്ങുന്നു. അവൾക്ക് ജാള്യത തോന്നി. അവളുടെയടുത്ത് അരിമണിയില്ല. അവരെല്ലാം തന്നെ തന്നെ നോക്കുന്നതായി അവൾക്കുതോന്നി. അവ അടുത്തേക്ക് വരികയാണ്. ആക്രമിക്കാനുള്ള പുറപ്പാടാണെന്ന് തോന്നുന്നു. താൻ വേറെ താവളക്കാരിയാണെന്ന് അവർക്ക് തോന്നിയോ അല്ലെങ്കിൽ തന്റെടുത്ത് അരിമണിയില്ലാത്തത് കൊണ്ടാവുമോ? കറുത്ത പൊട്ടുപോലുള്ള കണ്ണുകൾ രൗദ്രഭാവം ആർജ്ജിച്ചപോലെ, ഒരു രക്ഷാമാർഗ്ഗത്തിനായി അവൾ പരതി, രണ്ടു കൈകളുമുയർത്തി അവളലറിവിളിച്ചു. "അമ്മേ!"

എന്തോ വീണുടയുന്ന ശബ്ദം കേട്ട് ഞെട്ടിയുണർന്നു. അരിമണിയും ഉറുമ്പൊന്നുമില്ല. തടിയൻ എൻട്രൻസ് ബുക്ക് താഴെ വീണ് ചിതറികിടക്കുന്നു. തന്റെ മനസും ഒരിക്കലിങ്ങനെ ചിതറിപ്പോവുമോ? അവളുടെ ചുണ്ടിലൂടെ ഒരു പുച്ഛം കലർന്ന ചുഞ്ചിരി മിന്നി മാഞ്ഞു.

"നോർമലിന്റെയും അബ്നോർമലിന്റെയും ഇടയിൽ ഒരു നിസാരവിടവല്ലേയുള്ളൂ." അവളയാളോട് ചോദിക്കാറുണ്ട്. നിനക്കെന്തിന്റെ കുറവാ കുട്ടീ" അയാൾ തിരിച്ചു ചോദിക്കും. പിന്നെ അയാൾ വാചാലനാവും. അവൾ അതൊന്നും കേൾക്കാറുണ്ടായിരുന്നില്ല. പക്ഷെ ഈയിടെയായി അവൾക്കയാളേയും ഇഷ്ടമല്ല. അയാളുടെ നിർത്താതെയുള്ള സംസാരം. സ്വന്തം ജീവിതത്തിൽ പകർത്താത്ത സിദ്ധാന്തങ്ങൾ......., അയാൾ ജീവിതത്തിൽ ആവശ്യത്തിലധികം അഭിനയിക്കുന്നതായി അവൾക്കു തോന്നി. എപ്പോഴും എടുത്തണിയാൻ പാകത്തിൽ ഒരു മുഖം മൂടി അയാൾ കൂടെ കൊണ്ട് നടക്കുന്നത് പോലെ. അയാൾക്ക് കുഞ്ഞുങ്ങളെ ഇഷ്ടമല്ലത്രെ. കപടലോകത്തിന്റെ പാപക്കറ പുരളാത്ത, നിഷ്കളങ്കതയുടെ മൂർത്തീ ഭാവമായ കുഞ്ഞുങ്ങളെ അയാൾക്കെന്ത് കൊണ്ട് ഇഷ്ടമല്ല? അവൾ സ്വയം ചോദിച്ചു.



ഈയിടെയായി അവൾക്കയാളേയും ഇഷ്ടമല്ല. അയാളുടെ നിർത്താതെയുള്ള സംസാരം. സ്വന്തം ജീവിതത്തിൽ പകർത്താത്ത സിദ്ധാന്തങ്ങൾ......

"ഇഷ്ടമില്ലെങ്കിൽ ഇഷ്ടപ്പെടേണ്ട; നിനക്കെന്താ അതിന്? സ്വന്തം ഇഷ്ടങ്ങളും അനിഷ്ടങ്ങളും അവനവന്റെ സ്വാതന്ത്ര്യമാണ്. അയാൾക്കതുണ്ട്. നിനക്കും."

അഞ്ജു അങ്ങനെയാണ് അഭിപ്രായങ്ങൾ പൊടുന്നനെ വരും. അവളെ പൊതുവെ ഒന്നും അലട്ടാറില്ല.

പക്ഷെ അവനങ്ങനെയല്ല. എന്തും ആലോചിച്ചേ പറയൂ, ശാന്തനാണ്

അഞ്ജുവിനെ ഇഷ്ടവുമാണ്. ഒരു പക്ഷെ ആ വൈരുദ്ധ്യമാവാം അവരെ അടുപ്പിച്ചത്. അഞ്ജുവിന്റെ ജീവിതത്തിലേക്ക് അവൻ വന്നതോടെ അവൾക്കഞ്ജുവിനെയും കിട്ടാതായി.

“ഇരുപത്തിനാല് മണിക്കൂറും നിങ്ങൾക്കെന്താ ഇത്ര പറയാൻ”? ആ രോഷം അവൾ കാണിക്കാറുണ്ട്. പ്രണയത്തിന്റെ അതിമനോഹരമായ കാൽപനിക ഭാവത്തെ കുറിച്ചവൾ വാചാലയാവും.“വിഡ്ഢി!” അവൾ പൊട്ടിത്തെറിക്കും. പക്ഷെ അതൊന്നും അഞ്ചു കേട്ടതായി നടിക്കില്ല.

അവളവനോട് സംസാരിക്കാറില്ല.

പക്ഷെ അവൾക്കാവരൾച്ച ഇന്നേയുണ്ട്. രക്തം കൊണ്ടതിനെ നനച്ചെടുക്കണമെന്നവളാഗ്രഹിക്കാറുണ്ട്. പൊട്ടിയൊഴുകാൻ വെമ്പിനിൽക്കുന്ന അതിനൊരു മൊട്ട്സൂചി പോലും ധാരാളമാവും. ഒരു ബ്ലേഡ് ആവശ്യത്തിലധികവും. അവളതെപ്പോഴും കൊണ്ട് നടക്കാറുണ്ട്.

പക്ഷെ അവൻ സംസാരിക്കും. അവളോടല്ല, എല്ലാവരോടും. അതവൾ കേട്ടിരിക്കാറുണ്ട്. അതൊരിക്കലും പ്രണയത്തെ പറ്റിയല്ല. പ്രണയമില്ലായ്മയെ പറ്റിയാണ്. പ്രണയത്തിന്റെ ഉറവ വറ്റിയ മനസുകളെ പറ്റിയാണ്. സ്നേഹം വറ്റിയ, ആവരണ്ടകാലത്തെ അവൻ ഭയപ്പാടോടെയാണ് ഉറ്റുനോക്കുന്നത്.

പക്ഷെ അവൾക്കാവരൾച്ച ഇന്നേയുണ്ട്. രക്തം കൊണ്ടതിനെ നനച്ചെടുക്കണമെന്നവളാഗ്രഹിക്കാറുണ്ട്. പൊട്ടിയൊഴുകാൻ വെമ്പിനിൽക്കുന്ന അതിനൊരു മൊട്ട്സൂചി പോലും ധാരാളമാവും. ഒരു ബ്ലേഡ് ആവശ്യത്തിലധികവും. അവളതെപ്പോഴും കൊണ്ട് നടക്കാറുണ്ട്. അണപൊട്ടിയൊഴുകുന്ന നിണ പ്രവാഹത്തിൽ ഭ്രാന്തമായി മുങ്ങിക്കുളിക്കാൻ അവളുഴറി. പിന്നെ ഒന്നുമില്ലായ്മയുടെ ഭാരക്കുറവിൽ അലിഞ്ഞലിഞ്ഞ്...

“ എന്താ ആലോചിക്കുന്നത്?” അവനാണ്. അവളവനെ തുറിച്ചുനോക്കി. മുന്നിലെ ചിത്രങ്ങൾക്കെന്തോ അവ്യക്തതപോലെ, കാലുകൾ നിലത്തുറക്കാത്തതുപോലെ, നാലുഭാഗത്തുനിന്നും ആളുകൾ ഓടിവരുന്നു. അവരെന്തൊക്കെയോ ഉറക്കെ ഉറക്കെ വിളിച്ചുപറയുന്നുണ്ട്. അവരുടെ ശബ്ദത്തിന് തീവ്രത കൂടിക്കൂടി വരുന്നതായി അവൾക്ക് തോന്നി. അവസാനത്തെ വാതിലും അടയുന്നു. അവളിരു ചെവിയും കൈകൊണ്ട് പൊത്തി കണ്ണുകൾ ഇറുക്കിയടച്ചു, തല പെരുക്കുന്നപോലെ. ഇരുന്ന ബെഞ്ചും ഡെസ്ക്കും വീഴുന്നതവളറിയുന്നുണ്ടായിരുന്നില്ല. മുന്നിലിരുന്ന അവനെ തട്ടിമാറ്റി അവൾ ഭ്രാന്തമായി മുന്നോട്ട് കുതിച്ചു. അവൾ താഴേക്ക് ചാടിയേക്കുമെന്നവന് തോന്നി. അവന്റെ കാലുകൾക്കന്ന് പതിവിലും വേഗതയായിരുന്നു.

പിടികിട്ടിയത് മുടിയിൽ. അവന്റെ ഊഹം ശരിയായിരുന്നു. അലക്ഷ്യമായി, അതിവേഗത്തിൽ ചുവന്നു കലങ്ങിയ കണ്ണുകളിൽ ആ കൃഷ്ണമണികൾ കറങ്ങിക്കൊണ്ടേയിരുന്നു. പതഞ്ഞൊഴുകിയ അരിശം കൈകളിലാവാഹിച്ച് അവനാ മുഖത്ത് ആഞ്ഞടിച്ചു.

“ഭ്രാന്ത് പിടിച്ചോ നിനക്ക്?”

അതവൾ കേൾക്കുന്നുണ്ടായിരുന്നില്ല. സർവ്വ ബലവും നഷ്ടപ്പെട്ട് ആ കൈകളിലേക്കവൾ തളർന്നു വീണു. അഞ്ജു അകലെനിന്ന് ഓടി വരുന്നത് അവ്യക്തമായവൾ കണ്ടു.

“എന്റെ പ്രിയ സോദരി, നിന്റെ കാൽപനിക സൗന്ദര്യമില്ലാത്ത, എന്റെ പ്രണയത്തെ നീ അറിയുന്നോ?” നിന്റെ ‘അവനെ’ ഈ ‘അവൾക്ക്’ നീ തരില്ലേ? അവന്റെ വരൾച്ചക്ക് ഈ ‘അവളുടെ’ രക്തം പകരമായെടുക്കാം. ആ കടുംചുവപ്പിൽ അവന്റെ പ്രണയം പുഷ്പിച്ച് മായ്ക്കട്ടെ.

അതെ, ഹൃദയരക്തം വീണ ഒരു നിശ്ശബ്ദ പ്രണയം ആ ക്യാൻവാസിലുണ്ടായിരുന്നു....

# ഓരിതൾപൂവ്

കേൾക്കുന്നതിനപ്പുറം 'ദിവ'സൃഷ്ടിച്ചെടുക്കുന്ന ദൃശ്യപരതയാണ് ഋഷിയെ അത്ഭുതപ്പെടുത്തിക്കൊണ്ടിരുന്നത്. "ദിവയുടെ വിടർന്ന കണ്ണുകളിൽ തിളങ്ങി നിൽക്കുന്ന വിസ്മയം കണ്ടാൽതന്നെയറിയാം ദിവ ഒരു നല്ല ശ്രോതാവാണെന്ന്." അത്പറയുമ്പോൾ താൻവിഷയത്തിൽനിന്ന് വ്യതിചലിച്ചതിന്ന് ലഭിച്ചേക്കാവുന്ന ഏറ്റവും വലിയ ശിക്ഷ ഏറ്റുവാങ്ങാൻ തയ്യാറായതു പോലെ ഋഷി നിന്നു.

"ഋഷി നീ പലപ്പോഴും ഒരു കൗമാരക്കാരന്റെ ലാഘവത്തോടെ പെരുമാറുന്നത് എന്നെ വല്ലാതാക്കുന്നു" ദയവായി നമ്മുടെ വിഷയത്തിലേക്ക് വരൂ.

"സോറി ദിവാ ചുരുക്കം ചില അവസരങ്ങളിലെങ്കിലും എല്ലാവരുടെയും മനസ്സ് കൗമാരം ആഗ്രഹിക്കുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്."

"ശരി പോട്ടെ എനിക്ക് വ്യക്തമായ ഒരഭിപ്രായമാണ് വേണ്ടത്; പറയൂ ഋഷി ഞാനെന്തു ചെയ്യണം?"

ദിവയുടെ ചടുലതയാർന്ന വാചാലതയിൽതന്റെ തന്റെ അഭിപ്രായങ്ങൾ വെറും പാഴ്വാക്കുകളായി പരിണമിക്കുമോ എന്ന സന്ദേഹം ഋഷിയെ അലട്ടികൊണ്ടിരിക്കുന്നു. ഇരുപത് വയസ്സിനിടയിൽ ദിവ നേടിയിരക്കുന്ന മാനസികശേഷിയുടെ പത്തിലൊന്ന്പോലും നേടിയെടുക്കാൻ കഴിഞ്ഞില്ല എന്ന അപകർഷതാബോധമായിരുന്നു മറുവശത്ത്. പറയുന്നതെന്തായാലും പ്രതികരിക്കുന്ന കൂട്ടത്തിലാണ് ദിവ എന്ന ഭയം മറുവശത്ത്. ഇതിനിടയിൽകിടന്ന് വല്ലാത്തൊരു പരുവത്തിലായ ഋഷി, ഷർട്ടിന്റെ മുകളിലെത്തെ ബട്ടണഴിച്ച് 'എന്തൊരുഷ്ണം' എന്നൊരു അലസമായ ആധി സൃഷ്ടിച്ചെടുത്ത് ഇടം കണ്ണിട്ട് ദിവയെ നോക്കി. ദൂരെ കണ്ണും നട്ടിരിക്കുന്ന ദിവയുടെ മൂക്കിന്കീഴെ നനുത്ത വിയർപ്പുതുള്ളികൾ. ഇരുനിറമാർന്ന കവിൾതടങ്ങളിൽ നേർത്ത അരുണിമ. ദിവ തന്നെ നോക്കിചിരിക്കവെ ഋഷി വാക്കുകൾ തപ്പിത്തടഞ്ഞ് ചികഞ്ഞെടുത്തു. 'ദിവ നീവിചാരിക്കുമ്പോലെ എളുപ്പമുള്ള കാര്യമല്ല നീയേറ്റെടുക്കാൻ തീരുമാനിച്ചത്.



എയ്ഡ്സ് രോഗികളെ സംരക്ഷിക്കേണ്ടത് തീർച്ചയായും അത്യാവശ്യംതന്നെ. പക്ഷെ ആരും തന്നെ ഇതിന്ന് അനുവദിക്കുമെന്ന് തോന്നുന്നില്ല.ഓ ശരിയാണ്, സമ്മതിക്കാതിരിക്കുന്നെന്നുകൊണ്ട് എന്നാണല്ലോ നിന്റെ ചോദ്യം. എന്തായാലും ഇത്തരമൊരു ട്രസ്റ്റിൽ നീ നിരന്തരമൊരു സന്ദർശകയാകുന്നതിനോട് എനിക്ക്യോജിപ്പില്ല" "താൻ എല്ലാവരും അറിയുന്നതിനും മുമ്പേ അവിടെ സന്ദർശിക്കാറിണ്ടെന്നെതും, ഇതിനെ കുറിച്ച് ഋഷി തീർത്തും അജ്ഞനാണെന്നതും ദിവയുടെ ചുണ്ടിൽ നിഗൂഡമായൊരു ചിരിവരുത്തി.


കസേര നീക്കിയിട്ട് എഴുന്നേൽക്കവെ ഋഷിയെ നോക്കി ദിവ പറഞ്ഞു" അപ്പോ പത്തിരുപത്താറ് വയസ്സായിട്ടും സ്വന്തമായ ഒരഭിപ്രായരൂപീകരണം പോലും നിനക്ക് സാധിക്കുന്നില്ല. പോട്ടെ എനിക്കൊരത്യാവശ്യഘട്ടം വന്നാൽ സഹായിക്കാൻ നിനക്ക് കഴിയുമോ?

"ഞാനാരേയെങ്കിലും സഹായിക്കുമെങ്കിൽ അത് ദിവാ നിന്നെ മാത്രമായിരിക്കും." എന്ന് പറയാൻ ഋഷി തുനിഞ്ഞു പക്ഷേ ദിവയുടെ കാർക്കശ്യമാർന്ന സ്വരം ഋഷിയുടെ വാക്കികൾക്ക് കടിഞ്ഞാണിട്ടു. "തീർച്ചയായും! നിനക്ക് ധൈര്യമായി പോകാം" എന്നായിരുന്നു ഋഷിയുടെ മറുപടി.

തനിച്ചിരിക്കുമ്പോൾ മനസ്സ് സംഘട്ടനത്തിലാണ്. ഏറ്റവും ശരിയായ തരപ്പെടേണ്ട ഒരു കാര്യം സമൂഹത്തിന്റെ കണ്ണിൽ എങ്ങനെ തെറ്റായി പരിഗണിക്കുന്നതിനെ കുറിച്ച് ദിവ ഏത് നേരവും മാനസികവിശകലനം നടത്തിക്കൊണ്ടേയിരുന്നു. അമ്മയുമച്ചനും തന്നെകുറിച്ച് പറയുന്നത് കേൾക്കാനിടയായ അന്നുമുതലാണ് ദിവ ഋഷിയെ സപ്പോർട്ടിനായി കാണാൻ തുടങ്ങിയത്. ദിവയോട് ഋഷികാണിക്കുന്ന അടുപ്പം പരമാവധി തന്റെ പ്രവർത്തനത്തിനായി ചൂഷണം ചെയ്യുക എന്നതായിരുന്നു ഉദ്ധേശ്യം.

"പക്ഷെ ഋഷി എന്റെ കൂടെനിൽക്കുമോ? നിൽക്കാതിരിക്കില്ല"... എന്ന് ചിന്തിക്കാനാണ് എനിക്കിഷ്ടം" എന്നെഴുതി അവസാനപ്പിച്ച് ഡയറി അടച്ചുവെക്കവെ പിറകിൽ നിൽക്കുന്ന അച്ഛനെയാണ് കണ്ടത്.

"ദിവാ നിനക്കെന്താണ് പറ്റിയത്? ദയവായി ഈ കാര്യത്തിലെങ്കിലും ഞങ്ങളെ അനുസരിക്കൂ. നിന്റെ ഒരു കാര്യത്തിനും ഞങ്ങളിതുവരെ എതിരുനിന്നിട്ടില്ലല്ലോ? പിന്നെയെന്തിന്?" അചഛന്റെ മുഖത്ത് നോക്കാതിരിക്കാൻ ദിവ ശ്രമിച്ചു. " പ്ലീസ് അചഛാ നിങ്ങൾ പറയുന്നത് പോലെ ഒരു പ്രശ്നവും ഞാനീ കാര്യത്തിൽ കാണുന്നില്ല." എന്നൊരൊഴുക്കൻ മട്ടിൽ പാഞ്ഞു കൊണ്ട് ദിവ പുറത്തേക്ക് നടന്നു.



തനിച്ചിരിക്കുമ്പോൾ മനസ്സ് സംഘട്ടനത്തിലാണ്. ഏറ്റവും ശരിയായ തലപ്പെടേണ്ട ഒരു കാര്യം സമൂഹത്തിന്റെ കണ്ണിൽ എങ്ങനെ തെറ്റായി പരിഗണിക്കുന്നതിനെ കുറിച്ച്....

പിറകെ വന്ന് കെഞ്ചുന്നത്പോലെയാണ് അചഛൻ പറഞ്ഞത്.

"നിനക്കവരെ സഹിയിക്കാണമെങ്കിൽ ആയിക്കോളൂ. അതിന് നീയവിടെ പോകണമെന്നില്ലല്ലോ? ട്രസ്റ്റ് നടത്തിപ്പിനായി കുറച്ച് പണം നമുക്ക് സംഭാവനയായി നൽകാം, സഹായം ഏത് തരത്തിലുമായാലും മതിയെല്ലൊ?"

ദിവ നിശബ്ദയായിരുന്നു. അചഛൻപറയുന്ന ഈ സഹായം തന്നെയാണ് ഞാൻ ഓരോ സന്ദർശനത്തിലും നടത്തിപോരുന്നത്. എന്റെ പേരിൽ ഇനി ബാങ്ക് ബാലൻസ് ഒന്നും തന്നെ ഇല്ലാത്തതിനാലാണ് എനിക്ക് ഋഷിയുടെ കാല്പിടിക്കേണ്ട ഗതികേട് വന്നത് എന്നൊക്കെ തുറന്ന് പറയാൻ ദിവ ആഗ്രഹിച്ചു. പക്ഷെ ഈ അവസരത്തിൽ ഒരു സ്ഫോടനം ഒഴിവാക്കുന്നതാണ് ഏറ്റവും നല്ലത് എന്നതിനാൽ തന്നെ ദിവ മൗനിയായി.

ദിവ എന്തെങ്കിലുമൊന്ന് പറയൂ, വീണ്ടും അചഛന്റെ പരുഷമായ സ്വരം. എനിക്ക് പറയാനുള്ളത് ഞാൻ പറഞ്ഞു കഴിഞ്ഞു?

**ഉമ്മറപടികൾ കയറുമ്പോൾ വീട്ടിൽനിന്നുമാരൊക്കയോ സംസാരിക്കുന്ന തുപോലെ. അച്ചഛനിന്ന് പതിവിലും നേരത്തെ വന്നെന്ന് തോന്നുന്നു. എങ്കിലും ഇത്ര കടുത്തസ്വരമിതെന്തിനാണ്? ചെന്ന് ആരെയും മൈൻഡ് ചെയ്യാതെ നേരെകുളിക്കാനായിപോയി**

ഇന്നത്തെ സാഹചര്യത്തിൽ... മുഴുമിക്കുന്നതിനു മുമ്പ് മുറിവിട്ട് പുറത്ത്പോയിരുന്നു അച്ഛൻ.

അനിഷ്ടത്തോടെയാണെങ്കിലും അച്ഛൻ മുമ്പിൽനിന്നൊന്ന് പോയിക്കിട്ടിയാൽമതി എന്നായിരുന്നു ദിവയ്ക്ക്. ഒരു ദീർഘനിശ്വാസത്തോടെ കിടക്കയിലേക്ക്. അടുത്ത പ്രഭാതം എത്രമാത്രം ആകുലനകൾ നറഞ്ഞതായിരിക്കുമെന്ന് ദിവ ആലോചിച്ചു.

ട്രസ്റ്റിൽ നിന്നിറങ്ങുമ്പോൾ ദിവക്ക് എന്തോ ഒരു സംതൃപ്തി അനുഭവപ്പെട്ടു അറിഞ്ഞോ, അറിയാതെയോ വിധിയുടെ ക്രൂരതയിൽ പിടയുന്നവൾ. അവർക്ക് തന്നെ വേണം. തന്റെ ഈ പ്രവൃത്തിയെ വിലക്കുന്നവർ ഏത് നിമുഷവും വിധിയുടെ ഏതെങ്കിലും വിധത്തിലുള്ള ഒരു ക്രൂരതയുടെ മുമ്പിൽ നിസ്സഹായരാവില്ല എന്നെന്താണുറപ്പ്? എന്തു കൊണ്ടവരത് ആലോചിക്കുനില്ല? ഋഷിയുടെ വീടിനു മുമ്പിലൂടെ കടന്ന്പോകവെ വെറുതെ ഒന്നുകയറി. മണി ആറാവുന്നു. ഋഷി അവിടെ കാണേണ്ടതാണ്. കോളിംങ് ബെല്ലിന് കാത്തുനിന്നതുപോലെ ഋഷിയുടെ അമ്മ വാതിൽതുറന്ന് അകത്ത്നിന്ന് എന്തിനോക്കി- 'ഋഷി ഇവിടില്ല'. ചോദിക്കുന്നതിനു മുമ്പേ അനിഷ്ടസ്വരത്തിലുള്ള അവരുടെ മറുപടി ദിവയെ ആകുലയാക്കി.

ഉമ്മറപടികൾ കയറുമ്പോൾ വീട്ടിൽനിന്നുമാരൊക്കയോ സംസാരിക്കുന്നതുപോലെ. അച്ചഛനിന്ന് പതിവിലും നേരത്തെ വന്നെന്ന് തോന്നുന്നു. എങ്കിലും ഇത്ര കടുത്തസ്വരമിതെന്തിനാണ്? ചെന്ന് ആരെയും മൈൻഡ് ചെയ്യാതെ നേരെകുളിക്കാനായിപോയി. താൻ ഏത്നിമിഷവും ഒരു വിചാരണക്ക് വിധേയയാവുമെന്നറിയാവുന്നതിനാൽ തന്നെ ദിവക്ക് ബാത്റൂമിൽ നിന്ന് പുറത്തിറങ്ങാൻ തോന്നുന്നില്ല. പക്ഷേ പ്രതീക്ഷിച്ചതിന്ന് നേരെ വിപരീതമാണ് സംഭവിച്ചത്. വരുമ്പോൾ കേട്ടിരുന്ന ബഹളം ഇപ്പോഴില്ല. കനത്ത നിശ്ശബ്ദതക്കിടയിൽ എവിടെനിന്നോ അമ്മയുടെ തേങ്ങലിനൊപ്പമുള്ള ഇടറിയസ്വരം.

"എന്റീശ്വരാ! എന്നാലും ന്റെ മോളിങ്ങനെയായിപ്പോയല്ലോ?"

താൻ എന്തായിപ്പോയിപ്പോയി എന്നാണിവ

രൊക്കെ വിലപിക്കുന്നത്?
ഒന്ന് നേരം പുലർന്നിരുന്നെങ്കിൽ!
രാവിലെ ബാഗെടുത്തുപോവാൻ തയ്യാറെടുത്തിട്ടും അച്ചഛൻ പോയിട്ടില്ല ലീവായിരിക്കും. എങ്കിലും എന്തിന്? ചോദിക്കണോ? വേണ്ട. തന്റെ തീരുമാനങ്ങൾ അപ്രൂവ്ഡ് ആവുന്നത് വരെ വലിയ ലോഹ്യമില്ലാത്തത് തന്നെയാണ് നല്ലത്. ഇല്ലെങ്കിൽ അടുപ്പം കാണിച്ചാൽ അതിൻമേൽ പിടിച്ച് ഉപദേശിക്കും.
'ദിവാ നിൽക്ക് പറയുന്നത് കേട്ടിട്ട് പോയാൽമതി." കടുപ്പമുള്ള ശബ്ദം. ഇതുവരെ ഇത്തരമൊരു കടുപ്പം അനുഭവപ്പെട്ടില്ല. "നിനക്കിനി ട്രസ്റ്റിൽതന്നെ താമസിക്കാം. രോഗീപരിചരണം രാവും പകലുമാവാം. നിനക്ക് വേണ്ടി രാപകൽ കഷ്ടപ്പെട്ടുണ്ടാക്കിയ പണം മുഴുവനും".....
മുഴുവൻ കേൾക്കുന്നതിന് മുമ്പ് ദിവ നടന്നു തുടങ്ങിയിരുന്നു. എങ്ങോട്ടാണ് ആദ്യം പോകേണ്ടത്? ഇറങ്ങിപ്പോകാനുള്ള ആഞ്ജയൊന്നുമായിരുന്നില്ല അച്ചഛന്റെ സ്വരത്തിൽ. എല്ലാമറിഞ്ഞപ്പോഴുള്ള പ്രതിഷേധം. മാറുമെന്നറിയാം. എങ്കിലും അപരാധയെ പോലെനിൽക്കാൻ... ക്ലാസിലേക്ക് പോയിട്ട് പിന്നെ ട്രസ്റ്റിൽതന്നെയോ? ദിവ അസ്വസ്ഥയായിരുന്നു.
ഋഷി? അതെ, ആദ്യം ഋഷിയെ കാണാം. അവനെന്തെങ്കിലും ചെയ്യാൻകഴിയും, എന്നോടുള്ള ഇഷ്ടത്തിന്റെ പേരിലെങ്കിലും... അല്ലെങ്കിൽ ഇനിയെന്താണ് ചെയ്യാനാനുള്ളത്? എങ്കിലും ഋഷിയെകണ്ടാൽ വഴികളെന്തെങ്കിലുമുണ്ടാവും.
ദിവ കയറിചെല്ലുമ്പോൾ ഋഷി എങ്ങോട്ടോ പോവാനൊരുങ്ങുകയായിരുന്നു. ദിവയെ കണ്ടപ്പോൾ ചിരിക്കാൻ ശ്രമിച്ചുകൊണ്ട് ഋഷി ചോദിച്ചു. ഇന്നെന്താ നേരത്തെക്ലാസ് കഴിഞ്ഞോ?
'ഉം' ദിവ മൂളി.
'ഋഷി അച്ചഛൻ എന്നെ വഴക്ക്പറഞ്ഞു. പറയൂ ഋഷി ഞാൻ കുറ്റക്കാരിയാണോ? ആരും



അഭയം കൊടുക്കാത്തവർക്ക് എന്തെങ്കിലും സഹായം നൽകിയതിന് എന്നെ എന്തിനാണെല്ലാവരും?" ചിന്തയുടെ അപാരതയിൽ ദിവ നശബ്ദയാകവെ അപരിചിത സ്വരത്തിൽ ഋഷി പറഞ്ഞു. 'ശരി, ദിവാ കാണാം എനിക്ക് ചെറിയ പരിപാടിയുണ്ട്' ഋഷിയുടെ ഷർട്ടിന്റെ വെൺമ കണ്ണിൽനിന്ന് മായുന്നത് വരെ ദിവ നിസ്സംഗയായി നോക്കിനിന്നു.
ട്രസ്റ്റിലുള്ള വഴിയിൽ ഉടനീളം പുല്ലുകൾ വളർന്നിരിക്കുന്നു. എല്ലാം ശരിയാക്കണം. വാടിത്തളർന്ന മുഖങ്ങളിൽ, തന്നെ കണ്ടപ്പോൾ പ്രകാശം വിരിയുന്നത് നോക്കികൊണ്ട് ദിവ ഇരുന്നു. എല്ലാ മുഖങ്ങളും താൻ മുൻപിൽനിൽക്കുമ്പോൾ കറുത്തു തുടങ്ങവെ. ഇവിടെ കുറേ മുഖങ്ങൾ പ്രസന്നമാകുന്നു. ശരിക്കും അതായിരുന്നില്ലെ തന്റെ ആവശ്യം. എങ്കിലും! ദിവയുടെ കണ്ണിൽ വിതുമ്പിനിന്ന കണ്ണുനീർ തുള്ളി ആർദ്രതവറ്റാത്ത അനേകം കൺമുനകൾക്ക് മുമ്പിൽ അടരാൻ മടിച്ചു നിന്നു.


**അസ്മ എൻ.കെ.**

ഹോസ്റ്റലിലെ

ഓർമ്മക്കുറിപ്പുകൾ

## തിരയൊടുങ്ങാത്ത തിരക്കഥ

കരികല്ലായ് കുന്നിലെ ഇരുമൂളിപ്പറമ്പിൽ ഫാറൂഖ് കോളേജിനോടൊപ്പം തന്നെ ചരിത്രം ആസാദ് ഹോസ്റ്റലിനേയും പെറ്റിട്ടു. പിന്നെ അവന് ബ്രദേഴ്സായി ഇഖ്ബാലും എ. എൽ.എം. ഉം, പ്രസിഡൻസും, സിസ്റ്റേഴ്സായി എസ്.എ സ്. ഉം, സാഹിറയും, ഐ.ഡി.ബി.യുമെല്ലാം കാലാകാല ങ്ങളിൽ ഫാറൂഖാബാദിന്റെ മണ്ണിൽ പിച്ചവെച്ചു തുടങ്ങി. ജീവിതം ഒരു നാടകമോ സിനിമയോ ഒക്കെ ആകുമ്പോൾ നമ്മളതിലെ നടന്മാരും നടികളുമായിത്തീരുമ്പോൾ അതിലെ ചില രംഗങ്ങൾ സൂപ്പർ ഹിറ്റുകളാണ്. ഓർമ്മക ളുടെ തിയേറ്ററുകളിൽ അവ അവസാനമില്ലാതെ ഓടി ക്കൊണ്ടിരിക്കും. പങ്കുവെക്കാൻ പറ്റുന്ന ചില സീനുകളിൽ തിരക്കഥ തുടങ്ങുകയാണ്.



> അതാ ഇരുട്ടിലൂടെ മുരുകൻ പതുക്കെ വാതിലിനോടടുക്കുന്നു. വാതിൽ തുറക്കുന്നു, വെള്ളം കൃത്യമായി തലയിലേക്ക്. സന്തോഷം കൊണ്ട് തുള്ളിച്ചാടുന്ന സാമി. ലൈറ്റുകൾ തെളിയുന്നു. ഇപ്പോൾ സീനിൽ മുരുകനില്ല


**സീൻ ഒന്ന്**

ഹോസ്റ്റലിന് രാത്രിയുടെ നീളം എപ്പോഴും കുറവാണ്. അങ്ങനെ നീളം കുറഞ്ഞ ഒരു ചെറിയ രാത്രിയിൽ മുരുകന്റെ റൂമിൽ വാതിലിനു മുകളിൽ മുരുകൻ വാതിൽ തുറക്കുമ്പോഴേക്കും വെള്ളം തലയിൽ വീഴാൻ പാകത്തിൽ ഒരു കപ്പ് വെള്ളം വെച്ചു സാമി ഇരുട്ടിന്റെ മറവിൽ കാത്തിരുന്നു. അതാ ഇരുട്ടിലൂടെ മുരുകൻ പതുക്കെ വാതിലിനോടടുക്കുന്നു. വാതിൽ തുറക്കുന്നു, വെള്ളം കൃത്യമായി തലയിലേക്ക്. സന്തോഷം കൊണ്ട് തുള്ളിച്ചാടുന്ന സാമി. ലൈറ്റുകൾ തെളിയുന്നു. ഇപ്പോൾ സീനിൽ മുരുകനില്ല, ട്രൗസർമാത്രമിട്ട് നിൽക്കുന്ന സ്വാമിയും മേലാകെ വെള്ളവുമായി കലിതുള്ളി നിൽക്കുന്ന വാർഡനും. സാമിയുടെ തുള്ളിച്ചാട്ടത്തിന് ഒരു വിറയലിന്റെ ഭാവം.

**സീൻ രണ്ട്**

എം.എ ഇംഗ്ലീഷുകാർ ടൂർ പോകുന്നു. കൂട്ടത്തിൽ ഒരാൾ മാത്രം പോകുന്നില്ല. അങ്ങനെ എല്ലാവരും അവനോട് യാത്ര ചോദിക്കുന്ന സീൻ. ഫുൾ കരച്ചിലോട് കരച്ചിൽ. കൂട്ടത്തിൽ ബാക്കിയുള്ളവർ എല്ലാവരും പങ്കെടുക്കുകയും അത് ഏറ്റെടുക്കുകയും ചെയ്യുന്നു. അടുത്ത ഷോട്ട് ഹോസ്റ്റൽ മതിലിനു പുറത്തു നിന്നാണ്. കരച്ചിൽ കേട്ട് റാഗിംഗ് നടക്കുകയാണെന്ന് കരുതിയ നാട്ടുകാർ മതിലിനു പുറത്ത് നിന്ന് ആകാംക്ഷയോടെ ഹോസ്റ്റലിലേക്ക് എത്തി നോക്കുകയും പിന്നീട് ഇരച്ചു കയറുകയും ചെയ്യുന്നു. മുതുകാടിന്റെ വാനിഷിംഗ് മാജിക്കിന്റെ ചടുലതയിൽ വിജനമായ വരാന്ത, നാട്ടുകാരുടെ തെറിവിളികൾ വരുന്നത് വരെ ശ്മശാന മൂകത. അടുത്ത ഒരു മണിക്കൂർ വാർഡന്റെ റൂമിലെ അത്യുഷ്ണം 100° C .

> ഫുൾ കരച്ചിലോട് കരച്ചിൽ. കൂട്ടത്തിൽ ബാക്കിയുള്ളവർ എല്ലാവരും പങ്കെടുക്കുകയും അത് ഏറ്റെടുക്കുകയും ചെയ്യുന്നു. അടുത്ത ഷോട്ട് ഹോസ്റ്റൽ മതിലിനു പുറത്തു നിന്നാണ്.



സീൻ മൂന്ന്

ഷോട്ട് ആരംഭിക്കുന്നത് ഓപ്പൺഎയർ ഓഡിറ്റോറിയത്തിൽ നിന്ന്. ഐറ്റം നാടൻ പാട്ട്. കർട്ടൻ പൊങ്ങുമ്പോൾ സംഘം പാടി തുടങ്ങുന്നു. ഒരാൾ ഡ്രം അടിക്കുന്നു. രണ്ടും രണ്ട് വഴിക്ക്. പോരാത്തതിന് മൈക്ക് രണ്ടെണ്ണം വർക്ക് ചെയ്യാത്തത് കൊണ്ട് പാട്ട് അധികം ആരും കേൾക്കുന്നില്ല. ആകെ കേൾക്കുന്നത് ശക്തമായ കൂവൽ മാത്രം. പടച്ചോൻ സഹായിച്ച് നമ്മുടെ നാടിന്റെ ഗുണം അതാ പോകുന്നു കരണ്ട്... കർട്ടൺ താഴുന്നു. പിന്നീട് മൈക്കുംകൊട്ടും പാട്ടും എല്ലാം ശരി. ആദ്യം തൊട്ട് പാട്ടു തുടങ്ങിയപ്പോൾ പക്ഷെ കൂവലിനു ഒരു കുറവും ഉണ്ടായിരുന്നില്ല.




സീൻ നാല്

ഒരുപാട് സംഭവം ചുരുങ്ങിയ സമയത്തിനുള്ളിൽ വരണമെന്നുള്ളത്കൊണ്ട് ഇനിയൊരു പാട്ട് സീനാവാം. ഇപ്പോഴത്തെ ഒരു ട്രെൻഡ് അനുസരിച്ച് കൊല്ലം ശാഫിയുടേതോ, താജുദ്ധീന്റേതോ ആവാം. മെസ്സ് ഹാളിലെ ബഹളങ്ങൾക്കിടയിലൂടെ കയറിയിറങ്ങി പുറത്തേക്ക് വരുമ്പോൾ വെള്ളമില്ലാത്തതിനാൽ ഇഖ്ബാൽ ഹോസ്റ്റലിൽ നിന്നും അടുത്തുള്ള ആസാദ് ഹോസ്റ്റലിലേക്ക് ഓടുന്നവരെ കാണാം. അവർ കാത്തിരിക്കുന്നത് റിലാക്സ് എന്ന പദത്തിന്റെ മനോഹാരിതയാണ്. പുറത്ത് പെരുമഴയത്തും ഫൂട്ബോൾ കളിച്ച് ചളിയിലുരുണ്ട് വീണ മുറ്റം കാടുപിടിച്ചത്. കൃത്യമായ ഇടവേളകളിലെത്തുന്ന ഹർത്താൽ പരതുന്ന റീഡിംഗ് റൂം... ഫാറൂഖ് ഇ.സി.ബിയിലും മല്ലികയിലും സെക്കന്റ്ഷോയ്ക്ക് പോകാൻ പടത്തിന്റെ ലിസ്റ്റ് നോക്കുന്നവരെയും ഇവിടെ കാണാം. പിന്നെ ഓരോ റൂമുകളിലും അവശേഷിച്ച നിമിഷങ്ങളുടെ ഫ്ളാഷുകൾ.

ട്രെൻഡ് അനുസരിച്ച് കൊല്ലം ശാഫിയുടേതോ, താജുദ്ധീന്റേതോ ആവാം. മെസ്സ് ഹാളിലെ ബഹളങ്ങൾക്കിടയിലൂടെ കയറിയിറങ്ങി പുറത്തേക്ക് വരുമ്പോൾ വെള്ളമില്ലാത്തതിനാൽ ഇഖ്ബാൽ ഹോസ്റ്റലിൽ നിന്നും അടുത്തുള്ള ആസാദ് ഹോസ്റ്റലിലേക്ക് ഓടുന്നവരെ കാണാം

സീൻ അഞ്ച്, ആറ്, ഏഴ്

ചിലരെങ്കിലും ഒരു പക്ഷെ ഓർത്തു പോകും. ഇത്രയേ ഉള്ളൂന്ന്... അവർക്കു ള്ളതാണ് ഈ സീനുകൾ. അവർ ദയവ് ചെയ്ത് ഈ സീനുകൾ ഓർമ്മയുടെ സെല്ലുലോയിഡുകളിൽ ചിത്രീകരിക്കുക. അവിടെ നിങ്ങളെയാർക്കും സെൻസർ ചെയ്യാൻ പറ്റില്ല.



**അരുൺരാജ്**